ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 11.05.2024** **TIME : 07.25 AM**

## പ്രധാന വാർത്തകൾ

1. രാജ്യത്ത് ലോക്സഭാ തെരഞ്ഞെടുപ്പിനുള്ള പ്രചാരണം ഊർജ്ജിതം. നാലാം ഘട്ടത്തിൻറെ പരസ്യപ്രചാരണത്തിന് ഇന്ന് സമാപനം.

   **Lok sabha election campaigns intensified in the country. The public campaign for the fourth phase to end today.**

2. ഡൽഹി മദ്യനയ അഴിമതി കേസിൽ അറസ്റ്റിലായ മുഖ്യമന്ത്രി കെജ്രിവാളിന് സുപ്രീംകോടതിയുടെ ഇടക്കാല ജാമ്യം. വിധി പ്രതീക്ഷ നല്കുന്നതെന്ന് ആം ആദ്മി പാർട്ടി.

   **Supreme Court Grants Interim Bail To Delhi Chief Minister Arvind Kejriwal In Excise Policy Case; The Decision Gives A Ray Of Hope Said Aam Aadmi Party**

3. ഐക്യരാഷ്ട്രസഭയിൽ പാലസ്തീനെ അംഗമാക്കുന്ന കരട് പ്രമേയത്തെ അനുകൂലിച്ച് ഇന്ത്യ.

   **India today voted in favour of a draft UN General Assembly resolution supporting Palestine's bid to become full UN member.**

4. രാജ്യത്തെ സൈബർ കുറ്റകൃത്ത്യങ്ങൾക്ക് ഉപയോഗിച്ച 28,000 ത്തിലധികം മൊബൈലുകൾ ബ്ലോക്ക് ചെയ്യാൻ ടെലികമ്മ്യൂണിക്കേഷൻസ് വകുപ്പിൻറെ ഉത്തരവ്.

   **Telecom department directs telcos to block 28,200 mobile phones used in cybercrimes.**

5. ഐപിഎൽ ക്രിക്കറ്റിൽ ചെന്നൈ സൂപ്പർ കിംഗ്സിനെതിരെ ഗുജറാത്ത് ടൈറ്റൻസിന് ജയം.

   **In IPL cricket, Gujarat Titans won over Chennai Super Kings.**

&&&&&&&&&&&&&&&&&

**HEAD LINE – 2**

**SC – KEJRIWAL**

ഡൽഹി മദ്യനയ അഴിമതി കേസിൽ അറസ്റ്റിലായ മുഖ്യമന്ത്രി അരവിന്ദ് കെജ്‌രിവാൾ അൻപത് ദിവസത്തിന് ശേഷം ജയിൽ മോചിതനായി. സുപ്രീം കോടതി 21 ദിവസത്തെ ഇടക്കാല ജാമ്യം അനുവദിച്ചതിനെ തുടർന്നാണ് കെജ്‌രിവാൾ പുറത്തെത്തിയത്. മദ്യനയവുമായി ബന്ധപ്പെട്ട കള്ളപ്പണം വെളുപ്പിക്കൽ കേസിലാണ് എൻഫോഴ്സ്മെൻറ് ഡയറക്ടറേറ്റ് അദ്ദേഹത്തെ മാർച്ച് 21 ന് അറസ്റ്റുചെയ്തത്. ലോക്സഭാ തിരഞ്ഞെടുപ്പിൻ്റെ അവസാന ഘട്ട വോട്ടെടുപ്പ് അവസാനിക്കുന്ന ജൂൺ ഒന്നുവരെയാണ് ജാമ്യം അനുവദിച്ചത്. തിരഞ്ഞെടുപ്പ് പ്രചാരണത്തിനായി ജയിൽ മോചിതനാക്കണമെന്ന് കെജ്‌രിവാൾ ആവശ്യപ്പെട്ടിരുന്നു. അറസ്റ്റ് ചെയ്യുന്നതിൽ എൻഫോഴ്സ്മെൻറ് ഡയറക്ടറേറ്റ് കാലതാമസം വരുത്തിയെന്ന് സുപ്രീം കോടതി ചൂണ്ടിക്കാട്ടി. ജസ്റ്റിസുമാരായ സഞ്ജീവ് ഖന്നയും ദീപങ്കർ ദത്തയും അടങ്ങുന്ന ബെഞ്ചാണ് ജാമ്യം അനുവദിച്ചത്.

&&&&&&&&&&&&&&&&&

**KEJRIWAL – AAP**

ഡൽഹി മുഖ്യമന്ത്രി അരവിന്ദ് കെജ്‌രിവാളിന് ജാമ്യം നൽകിയ സുപ്രീം കോടതി തീരുമാനം, ഭരണഘടനയിൽ വിശ്വാസമുള്ള എല്ലാവർക്കും പ്രതീക്ഷയ്ക്ക് വകനൽകുന്നതാണെന്ന് ആം ആദ്മി പാർട്ടി നേതൃത്വം പ്രതികരിച്ചു. തീരുമാനം, ജനാധിപത്യത്തെ അട്ടിമറിക്കാനുള്ള നീക്കത്തിനേറ്റ തിരിച്ചടിയാണെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. കേജരിവാളിന്റെ ജാമ്യം ജനാധിപത്യത്തിന് ശുഭപ്രതീക്ഷ നല്കുന്നതാണെന്ന് കെപിസിസി അധ്യക്ഷൻ കെ.സുധാകരൻ പ്രതികരിച്ചു.

&&&&&&&&&&&&&&&&&

**HEAD LINE – 1**

**CAMPAIGNING (INTRO)**

രാജ്യത്ത് ലോക്സഭാ തിരഞ്ഞെടുപ്പിൻറെ അവശേഷിക്കുന്ന ഘട്ടങ്ങളിലേക്കുള്ള പ്രചാരണം ഊർജിതമാക്കി മുന്നണികൾ. നാലാം ഘട്ട തിരഞ്ഞെടുപ്പിൻറെ പരസ്യപ്രചാരണം ഇന്ന് അവസാനിക്കും. പ്രധാന രാഷ്ട്രീയകക്ഷികളുടെ താരപ്രചാരകരും മുതിർന്ന നേതാക്കളും പ്രചാരണരംഗത്ത് സജീവമാണ്.

**വിശദാംശങ്ങളിലേക്ക്..... (വോയ്സ്)**

**CAMPAIGNING (VOICE)**

പ്രധാനമന്ത്രിയും മുതിർന്ന ബിജെപി നേതാവുമായ നരേന്ദ്രമോദി ഇന്ന് ഒഡിഷയിൽ പ്രചാരണം നടത്തും. ഒഡിഷയിലെ നാല് മണ്ഡലങ്ങളാണ് മറ്റന്നാൾ വിധി എഴുതുന്നത്. ഇന്നലെ തെലങ്കാനയിലെ നാരായൺപേട്ടിലും മഹാബൂബ്നഗറിലും അദ്ദേഹം റാലികളിൽ പങ്കെടുത്തു. കോൺഗ്രസ് ദേശീയ അധ്യക്ഷൻ മല്ലികാർജുൻ ഖാർഗെ ഇന്നലെ തെലങ്കാനയിലെ ഹൈദരാബാദിൽ തിരഞ്ഞെടുപ്പ് റാലിയെ അഭിസംബോധന ചെയ്തു. ആന്ധ്രാപ്രദേശിലും ആദ്ദേഹം തിരഞ്ഞെടുപ്പ് പരിപാടികളിൽ പങ്കെടുത്തു. തിങ്കളാഴ്ച നടക്കുന്ന നാലാം ഘട്ട തിരഞ്ഞെടുപ്പിൽ ആന്ദ്രപ്രദേശിലെയും തെലങ്കാനയിലെയും മുഴുവൻ സീറ്റുകളിലും വോട്ടെടുപ്പ് പൂർത്തിയാകും. കേന്ദ്രമന്ത്രിയും ബിജെപി നേതാവുമായ അമിത് ഷാ ഇന്നലെ ഝാർഖണ്ഡിലും പശ്ചിമ ബംഗാളിലും പൊതുസമ്മേളനങ്ങളിൽ പങ്കെടുത്തു. ജാർഖണ്ഡിലെ നാലും പശ്ചിമ ബംഗാളിലെ എട്ടും സീറ്റുകളിലാണ് മറ്റന്നാൾ തിരഞ്ഞെടുപ്പ് നടക്കുന്നത്. കോൺഗ്രസ് നേതാവ് രാഹുൽ ഗാന്ധിയും സമാജ്‌വാദി പാർട്ടി അധ്യക്ഷൻ അഖിലേഷ് യാദവും ഉത്തർപ്രദേശിലെ കന്നൗജിൽ ഇന്നലെ പൊതുസമ്മേളനങ്ങളിൽ പങ്കെടുത്തു. ഉത്തർപ്രദേശിൽ 13 ഉം, മധ്യപ്രദേശിൽ എട്ടും, മഹാരാഷ്ട്രയിൽ പതിനൊന്നും, ജമ്മു കശ്മീരിൽ ഒന്നും, ബിഹാറിൽ 5 ഉം സീറ്റുകളിൽ നാലാം ഘട്ടത്തിൽ തിരഞ്ഞെടുപ്പ് നടക്കുന്നുണ്ട്.

**ന്യൂസ് ഡെസ്ക് ആകാശവാണി....**

&&&&&&&&&&&&&&&&&

**GUJ- REPOLL**

ഗുജറാത്തിൽ ദഹോദ് ലോക്സഭാ സീറ്റിന് കീഴിലുള്ള പർത്ഥംപൂര പോളിംഗ് സ്റ്റേഷനിൽ ഇന്ന് റീപോളിംഗ് നടക്കും. മെയ് ഏഴിന് നടന്ന വോട്ടെടുപ്പിൽ ക്രമക്കേട് റിപ്പോർട്ട് ചെയ്തതിനെ തുടർന്ന് പർത്ഥംപൂര പോളിംഗ് സ്റ്റേഷനിൽ റീപോളിങ് നടത്താൻ തിരഞ്ഞെടുപ്പ് കമ്മീഷൻ ഉത്തരവിട്ടിരുന്നു. പോളിംഗ് ദിവസം ഡ്യൂട്ടിയിലുണ്ടായിരുന്ന ജീവനക്കാർ ഉൾപ്പെടെ ആറ് പേരെ സസ്പെൻഡ് ചെയ്തു.

&&&&&&&&&&&&&&&&&

**ELECTION COMMI- CONGRESS**

ലോക്സഭാ തിരഞ്ഞെടുപ്പിൽ വോട്ടിങ് ശതമാനം പുറത്തു വിടുന്നതിലെ കാലതാമസം സംബന്ധിച്ച കോൺഗ്രസിന്റെ ആരോപണങ്ങൾ തള്ളി തിരഞ്ഞെടുപ്പ് കമ്മീഷൻ. വോട്ടിങ് ശതമാനം പുറത്തു വിടുന്നതിലെ കാലതാമസം ആസൂത്രിതമാണെന്ന് കാണിച്ച് കോൺഗ്രസ് അധ്യക്ഷൻ മല്ലികാർജുൻ ഖാർഗെയാണ് തിരഞ്ഞെടുപ്പ് കമ്മീഷന് പരാതി നൽകിയത്. ആരോപണങ്ങൾ അനാവശ്യമാണെന്നും ജനങ്ങൾക്കിടയിൽ ആശയക്കുഴപ്പം ഉണ്ടാക്കുന്ന തരത്തിലുള്ള പ്രചാരണം നടത്തരുതെന്നും കമ്മീഷൻ അഭ്യർത്ഥിച്ചു.

&&&&&&&&&&&&&&&&&

**IMD HEATWAVE**

തിങ്കളാഴ്ച നാലാം ഘട്ട ലോക്സഭാ തെരഞ്ഞെടുപ്പ് നടക്കുന്ന പ്രദേശങ്ങളിൽ ഉഷ്ണതരംഗം സാധ്യത നിലനിൽക്കുന്നില്ലെന്ന് ഇന്ത്യൻ കാലാവസ്ഥാ വകുപ്പ്. പടിഞ്ഞാറൻ രാജസ്ഥാൻ ഒഴികെ ഇന്ത്യയിലെ ഒരു ഭാഗത്തും ഉഷ്ണതരംഗം നിലനിൽക്കുന്നില്ലെന്ന് ആകാശവാണിയോട് സംസാരിച്ച ഇന്ത്യൻ കാലാവസ്ഥാ വകുപ്പ് സീനിയർ സയന്റിസ്റ്റ് ആർ.കെ. ജെനാമണി പറഞ്ഞു. പടിഞ്ഞാറൻ രാജസ്ഥാനിലെ ചൂടിന് ഇന്ന് മുതൽ ശമനമുണ്ടാകും.

&&&&&&&&&&&&&&&&&

## HEAD LINE – 4

**DoT-CYBER CRIME**

രാജ്യത്ത് സൈബർ കുറ്റകൃത്യങ്ങൾക്ക് ഉപയോഗിച്ച 28,200 മൊബൈലുകൾ ബ്ലോക്ക് ചെയ്യാൻ ടെലികോം സർവീസ് ദാതാക്കളോട് ടെലികമ്മ്യൂണിക്കേഷൻസ് വകുപ്പ് ഉത്തരവിട്ടു. 20 ലക്ഷം മൊബൈൽ കണക്ഷനുകൾ പരിശോധിക്കാനും വകുപ്പ് നിർദേശം നൽകി. ഈ മൊബൈൽ ഫോണുകൾ കുറ്റകൃത്യങ്ങൾക്കായി ഉപയോഗിച്ചുവെന്ന് ആഭ്യന്തര മന്ത്രാലയവും പൊലീസും കണ്ടെത്തിയ പശ്ചാത്തലത്തിലാണ് നടപടി.

&&&&&&&&&&&&&&&&&&

**DELHI COURT – BRIJ BHUSHAN**

വനിതാഗുസ്തിതാരങ്ങൾ നൽകിയ ലൈംഗികാതിക്രമക്കേസിൽ ഇന്ത്യൻ ഗുസ്തി ഫെഡറേഷൻ മുൻഅധ്യക്ഷനും എം.പി.യുമായ ബ്രിജ് ഭൂഷൺ ശരൺ സിങ്ങിന്റെ പേരിൽ കുറ്റംചുമത്താൻ ഡൽഹി റൗസ് അവന്യൂ കോടതി ഉത്തരവിട്ടു. അഡിഷണൽ ചീഫ് മെട്രോപൊളിറ്റൻ മജിസ്ട്രേറ്റ് പ്രിയങ്ക രജ്പുത്താണ് ഉത്തരവിട്ടത്.

&&&&&&&&&&&&&&&&&&

**CHHATTISGARH: 12 MAOISTS KILLED**

ഛത്തീസ്ഗഢിൽ സുരക്ഷാ സേനയുമായുണ്ടായ ഏറ്റുമുട്ടലിൽ 12 മാവോയിസ്റ്റുകൾ കൊല്ലപ്പെട്ടു. ഗുണ്ടല്ലൂർ മേഖലയിൽ ജില്ലാ റിസർവ് ഗാർഡും പ്രത്യേക ദൗത്യ സേനയും നടത്തിയ തിരച്ചിലിനിടെയാണ് ഏറ്റുമുട്ടൽ ഉണ്ടായത്. ഏറ്റുമുട്ടൽ നാലു മണിക്കൂറോളം നീണ്ടു. പ്രദേശത്ത് നിന്നും തോക്കുകളും മറ്റ് ആയുധങ്ങളും കണ്ടെടുത്തു.

&&&&&&&&&&&&&&&&&&

**4 YEAR DEGREE COURSES**

കേരളത്തിൽ ഈ അക്കാദമികവർഷം മുതൽ നാലുവർഷ ബിരുദ കോഴ്സുകൾ ആരംഭിക്കുമെന്ന് ഉന്നത വിദ്യാഭ്യാസ മന്ത്രി ആർ ബിന്ദു. ബിരുദ പഠന കോഴ്സുകളിൽ അടിസ്ഥാനപരമായി മാറ്റം വരുത്തുന്ന വിധത്തിലാണ് നാല് വർഷ കോഴ്സുകൾ തയ്യാറാക്കിയിരിക്കുന്നത്. മൂന്നുവർഷം കൊണ്ട് 133 ക്രെഡിറ്റുകൾ ആർജ്ജിച്ചാൽ വിദ്യാർത്ഥികൾക്ക് ബിരുദം നേടി പുറത്തിറങ്ങാം.

നാലാം വർഷം ഗവേഷണാത്മക പ്രവർത്തനങ്ങളും ഇന്റേൺഷിപ്പും പ്രൊജക്റ്റുകളും ഉൾപ്പെടെ 177 ക്രെഡിറ്റ് ആർജ്ജിച്ചാൽ ഓണേഴ്സ് ബിരുദം ലഭിക്കും. മെയ് 20ന് മുമ്പായി അപേക്ഷ ക്ഷണിക്കുമെന്നും ജൂൺ 15നകം ട്രയൽ റാങ്ക് ലിസ്റ്റും അവസാന റാങ്ക് ലിസ്റ്റും പ്രസിദ്ധീകരിക്കുമെന്നും മന്ത്രി അറിയിച്ചു. ജൂൺ 20 മുതൽ പ്രവേശനം ആരംഭിക്കും.

&&&&&&&&&&&&&&&&&&

**WORLD MIGRATORY BIRDS DAY (INTRO)**

ഇന്ന് ലോക ദേശാടനപക്ഷി ദിനം . ദേശാടന പക്ഷികളുടെ ഭക്ഷണമായ പ്രാണികളുടെ പ്രാധാന്യത്തിലും പ്രാണികൾ കുറയുന്നതുമായി ബന്ധപ്പെട്ട ആശങ്കകൾ ഉയർത്തിക്കാട്ടുന്നതിലുമാണ് ഈ വർഷം ശ്രദ്ധ കേന്ദ്രീകരിക്കുന്നത്.
**ഒരു റിപ്പോർട്ട്..... (വോയ്സ്)**

**WORLD MIGRATORY BIRDS DAY (VOICE)**

പ്രജനന കാലങ്ങളിൽ മാത്രമല്ല, പലായന വേളയിലും പല ദേശാടന പക്ഷികളുടെ ഊർജ്ജ സ്രോതസ്സുകളാകുന്നത് പ്രാണികളാണ്. അതുകൊണ്ടു തന്നെ പ്രജനന സ്ഥലങ്ങളിലും പക്ഷികളുടെ കുടിയേറ്റയിടങ്ങളിലും പ്രാണികളുടെ എണ്ണം കുറയുന്നത് പക്ഷികളുടെ നിലനിൽപ്പിനു ഭീഷണിയാണ്. വിളകളെ സംരക്ഷിക്കാൻ രൂപകൽപ്പന ചെയ്ത കീടനാശിനികളും കളനാശിനികളും ദേശാടന പക്ഷികൾ ഭക്ഷണത്തിനായി ആശ്രയിക്കുന്ന പ്രാണികളെ ദോഷകരമായി ബാധിക്കുന്നു. ഈ സാഹചര്യത്തിലാണ് പ്രാണികളുടെ സംരക്ഷണത്തിന് ഈ വർഷത്തെ ദിനാചരണം ഊന്നൽ നൽകുന്നത്. കീടനാശിനികളുടെയും രാസവളങ്ങളുടെയും ഉപയോഗം കുറയ്ക്കുക, സാധ്യമാകുന്നിടത്ത് ജൈവകൃഷിയിലേക്ക് മാറുക എന്നിവയും ഇതിൽ ഉൾപ്പെടുന്നു. മെയ് 11, ഒക്ടോബർ 12 എന്നീ രണ്ട് ദിവസങ്ങളിലാണ് ലോക ദേശാടന പക്ഷി ദിനം ആഘോഷിക്കുന്നത്.
**ന്യൂസ് ഡെസ്ക് ആകാശവാണി......**

&&&&&&&&&&&&&&&&&&

## HEAD LINE – 3

## PALESTINE-UN RESOLUTION

ഐക്യരാഷ്ട്രസഭയിൽ അംഗമാകാനുള്ള ഫലസ്തീനിൻ്റെ ശ്രമത്തെ പിന്തുണയ്ക്കുന്ന ഐക്യരാഷ്ട്ര പൊതുസഭയുടെ കരട് പ്രമേയത്തിന് ഇന്ത്യ അനുകൂലമായി വോട്ട് ചെയ്തു. 193 അംഗ പൊതുസഭ, പ്രത്യേക അടിയന്തര സമ്മേളനം ചേർന്ന്, ഫലസ്തീൻ്റെ പൂർണ്ണ അംഗത്വത്തെ പിന്തുണയ്ക്കുന്ന അറബ് ഗ്രൂപ്പ് പ്രമേയം യു.എന്നിൽ അവതരിപ്പിച്ചു. യു.എ.ഇ ആണ് പ്രമേയം അവതരിപ്പിച്ചത്. 1974-ൽ പലസ്തീൻ ജനതയുടെ ഏകവും നിയമാനുസൃതവുമായ പ്രതിനിധിയായി പലസ്തീൻ ലിബറേഷൻ ഓർഗനൈസേഷനെ അംഗീകരിച്ച ആദ്യത്തെ അറബ് ഇതര രാഷ്ട്രമാണ് ഇന്ത്യ.

&&&&&&&&&&&&&&&&&&

## EGYPT-ISRAEL WARNING

ഇസ്രയേലിന്റെ റഫ അധിനിവേശ നടപടികൾക്കെതിരെ ശക്തമായ മുന്നറിയിപ്പുമായി ഈജിപ്ത്. റഫ അധിനിവേശവുമായി ഇസ്രായേൽ മുന്നോട്ടുപോയാൽ ചരിത്രപ്രസിദ്ധമായ ക്യാമ്പ് ഡേവിഡ് ഉടമ്പടി അസാധുവാക്കുമെന്നും ഈജിപ്ത് വ്യക്തമാക്കി. റഫയിലെ ഇസ്രയേലിന്റെ സൈനിക നീക്കങ്ങൾക്കെതിരെ നേരത്തെ യു എസ്സും രംഗത്തെത്തിയിരുന്നു. ഇസ്രയേലും ഈജിപ്തും തമ്മിലുള്ള സമാധാനചർച്ചകളിലെ സുപ്രധന നാഴികക്കല്ലാണ് ക്യാമ്പ് ഡേവിഡ് ഉടമ്പടി.

&&&&&&&&&&&&&&&&&&

## KERALA - RAIN

സംസ്ഥാനത്ത് അടുത്ത നാല് ദിവസം ഇടിമിന്നലോടു കൂടിയ മഴയ്ക്കും ശക്തമായ കാറ്റിനും സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ്. ഇന്ന് പത്തനംതിട്ട, ഇടുക്കി ജില്ലകളിലും നാളെ തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, എറണാകുളം, ഇടുക്കി ജില്ലകളിലും മഞ്ഞ ജാഗ്രതയാണ്. ഇടിമിന്നൽ മുന്നറിയിപ്പുള്ളതിനാൽ ജനങ്ങൾ ജാഗ്രത പാലിക്കണമെന്നും കാലാവസ്ഥാ വകുപ്പ് അറിയിച്ചു. അതേസമയം തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, പാലക്കാട്, കോഴിക്കോട്, കണ്ണൂർ,

കാസറഗോഡ് ജില്ലകളിൽ താപനില 36°C വരെ ഉയരാൻ സാധ്യതയുണ്ടെന്നും കാലാവസ്ഥ വകുപ്പ് മുന്നറിയിപ്പ് നൽകി.

&&&&&&&&&&&&&&&&&&

## HEAD LINE – 5

## NT.IPL CRICKET

ഇന്ത്യൻ പ്രീമിയർ ലീഗ് ക്രിക്കറ്റിൽ ഗുജറാത്ത് ടൈറ്റൻസ് നിലവിലെ ചാമ്പ്യന്മാരായ ചെന്നൈ സൂപ്പർ കിംഗ്സിനെ 35 റൺസിന് പരാജയപ്പെടുത്തി. അഹമ്മദാബാദിൽ ഇന്നലെ നടന്ന മത്സരത്തിൽ 232 റൺസ് വിജയലക്ഷ്യം പിന്തുടർന്ന ചെന്നൈയ്ക്ക് നിയശ്ചിത ഓവറിൽ 196 റൺസെടുക്കാനേ കഴിഞ്ഞുള്ളൂ . ഗുജറാത്തിനായി ക്യാപ്റ്റൻ ശുഭ്മാൻ ഗിൽ 55 പന്തിൽ 104 റൺസും സായി സുദർശൻ 51 പന്തിൽ നിന്ന് 103 റൺസും നേടി. 63 റൺസെടുത്ത ഡാരിൽ മിച്ചലാണ് ചെന്നൈയുടെ ടോപ് സ്കോറർ. ഇന്ന് കൊൽക്കത്തയിലെ ഈഡൻ ഗാർഡൻസിൽ കൊൽക്കത്ത നൈറ്റ് റൈഡേഴ്സ് മുംബൈ ഇന്ത്യൻസിനെ നേരിടും. രാത്രി 7.30 നാണ് മത്സരം.

&&&&&&&&&&&&&&&

&&&&&&&&&&&&

&&&&&&&&&&&